# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3872   19/02/2013-ലെ മറുപടിക്ക്

### വിജിലൻസ് ജീവനക്കാർക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്

| ചോദ്യം | മറുപടി. |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വിജിലൻസിലെ ഒരു വിഭാഗം ജീവനക്കാർ മാസപ്പടി പറ്റുന്നതായി വിജിലൻസ് എ.ഡി.ജി.പി. അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വിജിലൻസിലെ ഒരു വിഭാഗം ജീവനക്കാർ മാസപ്പടി പറ്റുന്നതായി വിജിലൻസ് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടില്ല. |
| (ബി) വിജിലൻസ് അടുത്ത സമയങ്ങളിൽ നടത്തിയ റെയ്ഡുകൾ വിജയിക്കാതിരുന്നത് വിജിലൻസിൽ നിന്നു തന്നെ വിവരം ചോർത്തി നൽകിയതു കൊണ്ടാണെന്ന് കരുതുന്നുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇത്തരത്തിൽ പ്രവർത്തിച്ച എത്ര വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് പദവി ഉൾപ്പെടെ വെളിപ്പെടുത്തുമോ; | 'സി'യും 'ഡി' യും 'ഇ'യും ബാധകമല്ല |
| (ഡി) വിജിലൻസ് ഉദ്യോഗസ്ഥരെ നാലു വർഷം കൂടുമ്പോൾ പ്രസ്തുത വകുപ്പിൽ നിന്നും മാറ്റണമെന്നതുൾപ്പെടെ മറ്റ് എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ട് മുഖേനനൽകിയിട്ടുള്ളത്; വിശദമാക്കുമോ; | |
| (ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ